Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണംചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 13-12-2005-ലെ സ.ഉ.(സാധാ) നമ്പർ 1796/2005/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെയാണ് 750 രൂപ ലൈസൻസ് ഫീസ് വാങ്ങി അർഹതയുള്ള നഴ്സറികൾക്ക് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ രണ്ട് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ അംഗീകാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം, തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി, തൈകൾ ഗുണമേന്മയില്ലാത്തതാണെന്ന് കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. ഫലവൃക്ഷത്തൈകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആയഞ്ചേരി വേളം കോൾനിലം പദ്ധതി

22 (1007) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ആയഞ്ചേരി വേളം കോൾ നിലം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ്.-XII-ൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച പദ്ധതി കെ.എൽ.ഡിസി.-യെ ഏൽപ്പിച്ചിരുന്നുവെങ്കിലും പ്രോജക്ട് എസ്റ്റിമേറ്റിലെ അപര്യാപ്തതമൂലവും നബാർഡിന്റെ പ്രസ്തുത ടാഞ്ചെയുടെ കാലപരിധി അവസാനിപ്പിച്ചതിനാലും പദ്ധതി അവസാനിപ്പിക്കേണ്ടിവന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് തുലാത്ത് നടയ്ക്ക് സമീപം ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയും കെ.എൽ.ഡി.സി., ടെൻഡർ, റീടെൻഡർ, സീൽഡ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് ലോക്കൽ ക്വട്ടേഷൻ വഴി പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. ഏറ്റെടുത്ത പ്രവൃത്തിയിൽ, തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും പൂർത്തിയാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്. നബാർഡിന്റെ പ്രസ്തുത ടാഞ്ചെയുടെ കാലപരിധി അവസാനിച്ചതിനാൽ കെ.എൽ.ഡി.സി.-ക്ക് പദ്ധതി അവസാനിപ്പിക്കേണ്ടതായിവന്നു.

(സി) സി.ഡബ്ല്യു.ആർ.ഡി.എം. സർവ്വേ പ്രകാരമാണോ പ്രസ്തുത പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ സർവ്വേ പ്രകാരം കോഴിക്കോട് ജില്ല പഞ്ചായത്ത് ആണ് ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയത്.

(ഡി) ഉപ്പുവെള്ളം കയറാതിരിക്കാൻ വെന്റഡ് ക്രോസ്സ് ബാർ നിർമ്മാണം പ്രസ്തുത പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉപ്പുവെള്ളം കയറാതിരിക്കാൻവേണ്ടി മീൻപാലം വി.സി.ബി.-യുടെ റിപ്പയർ പ്രവൃത്തികൾ ഉൾപ്പെടെ മൂന്ന് വി.സി.ബി.-കൾ പദ്ധതിരേഖയിൽ വിഭാവനം ചെയ്തിരുന്നു. ഇതിൽ ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ പ്രായോഗിക ബുദ്ധിമുട്ടുകളാൽ റിപ്പയർ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ഇ) വെള്ളമൊഴുക്ക് നിലനിർത്താനായി എന്തൊക്കെ കാര്യങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

രണ്ട് കൂളങ്ങളുടെ പുനരുദ്ധാരണം, 10 പെട്ടി പറ സംവിധാനം സ്ഥാപിക്കൽ, തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കൽ എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടായിരുന്നു.

(എഫ്) പ്രസ്തുത ഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് തുലാത്ത് നടയ്ക്കുസമീപം ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയും കെ.എൽ.ഡി.സി., ടെൻഡർ, റീടെൻഡർ, സീൽഡ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് ലോക്കൽ ക്വട്ടേഷൻ വഴി പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ക്ഷണിക്കാനുള്ള നടപടിക്രമം സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly